Mr. P. Govinda Menon (*Mulakunnathukavu*): You want to scare them away.

Mr. C. V. Iyyu (*Kunnamkulam*): The rates are still lower.

ഇതിനെ അധികാരത്തിൽ ഇരിക്കുന്ന കക്ഷിയിലെ ചില മെമ്പർമാർ എതുത്തതിൽ ഞാൻ അത്ഭുതപ്പെടുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അധികാരത്തിൽ ഇരിക്കുന്ന കക്ഷി ഗവമ്മെൻറാണു്.

മിസ്റ്റർ സി. വി. ഇയ്യു: കൊച്ചിൻ കോൺഗ്രസ്സ് പാട്ടിയും ഗവമ്മെൻറും കൂടിയതാണു് ഇപ്പോൾ അധികാരത്തിൽ ഇരിക്കുന്ന കക്ഷി. കൊച്ചിൻ കോൺഗ്രസ്സ് പാട്ടിയെ സംബന്ധിച്ചു് എനിക്കു പറയുവാനുള്ളതു ജനകീയ താല്പര്യങ്ങളെ അനുകൂലിക്കുന്ന ചില മെമ്പർമാർ, അഡ്വർ മെമ്പർ, മുകുന്നത്തു കാവു മെമ്പർ മുതലായ ആളുകൾ ഈ ഭേദഗതിയെ എതുത്തതിൽ വളരെ സങ്കടമുണ്ടെന്നാണു്. (ചിരി). അവരെ പ്രതിനിധീകരിക്കുന്ന സ്ഥാപനത്തിലെ സ്ഥാപിതതാല്പര്യക്കാരുടെ ശക്തിയാണു് അവർക്കു മാറ്റം വരുത്തിയതു്. ഈ നിലയിൽ അവരുടെ സ്വന്തം അഭിപ്രായംപോലും പ്രകടിപ്പിക്കാൻ സാധിക്കാതെവന്നതിൽ ഞാൻ വളരെ സങ്കടപ്പെടുന്നു. ഇതോക്കുമ്പോൾ ഞാൻ ഒരു കക്ഷിയിലും പെടാതിരുന്നതിൽ എന്നെത്തന്നെ ഞാൻ അഭിനന്ദിക്കുന്നു. ഈ ടാക്സ് ചുമത്തുന്നതിൽനിന്നും കിട്ടുന്ന പണംകൊണ്ടു പലേ നല്ലകാര്യങ്ങളും ചെയ്യുവാൻ സാധിക്കും. വില്ലേജുദ്യോഗസ്ഥന്മാർ, എല്ലാതരം ശിപായിമാർ, പോലീസുകാർ, എക്സൈസുകാർ, മുതലായ കീഴ്ജീവനക്കാർക്കു് ഓരോരുത്തർക്കും ഓരോ ഉദ്യോഗക്കയറ്റമെങ്കിലും മമ്പളം കൂടുതൽ കൊടുപ്പാൻ ആവശ്യപ്പെട്ടാൽ ഗവമ്മെൻറിനു പണമില്ലെന്നു പറയും. ഇപ്പോൾ സാധുക്കളായ അഞ്ചൽ മാസ്റ്റർമാർക്കു കിട്ടിക്കൊണ്ടിരിക്കുന്ന സ്റ്റാമ്പു കമ്മീഷൻ എടുത്തുകളഞ്ഞിട്ടുണ്ടു്. ആ ഇനത്തിൽ ഏ, ഒ ാ രൂപയാണു് ഗവമ്മെൻറിനു വരുമാനമുള്ളതു്. ബ്രാഞ്ചു് അഞ്ചൽമാസ്റ്റർമാരുടെ മമ്പളം നൂരൂപയിൽനിന്നു് വൂരൂപ ആക്കാൻ പോകുന്നതായി കേട്ടു, അതും ഇപ്പോൾ പണമില്ലായ്കയാൽ നടപ്പിൽ വരുത്തുന്നില്ല. ഇപ്പോൾ ജനങ്ങൾ വളരെ കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും പല ഇനങ്ങളിലായി നികുതി കൊടുക്കുന്നുണ്ടു്. വെട്ടുകല്ലും, കരിങ്കല്ലും വെട്ടിയെടുക്കുന്ന വഴിയിൽ എതുയോ തുച്ഛമായ സംഖ്യയാണു് ഗവമ്മെൻറിനു കിട്ടുന്നതു്. അങ്ങിനെയുള്ളവയിൽ ചില നികുതികൾ എടുത്തുകളഞ്ഞാൽ സാധുക്കളായ ആളുകൾക്കു രക്ഷയുണ്ടാകും. ഈ ബിൽ സ്വീകരിച്ചെങ്കിൽ ഇതുമൂലം കിട്ടുന്ന പണംകൊണ്ടു സാധുക്കൾക്കു് എന്തെങ്കിലും രക്ഷചെയ്യാമായിരുന്നു. എതായാലും പ്രസിഡെണ്ടു് അവർകൾ തൊല്ലാവസാനം ഈ കാര്യം വീണ്ടും ആലോചിക്കാമെന്നു ഒരു അഷ്വറൻസു തന്നിട്ടുള്ളതുകൊണ്ടു് ഞാൻ തല്ക്കാലം ഈ ബിൽ പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

The Cochin Kuries Act Amendment Bill (section 4).

Mr. M. Sivarama Menon (*Ernakulam*): Sir, I am not moving this Bill, but only the next.

LIBRARY ARCHIVES Kerala Legislative Assembly